# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

21.03.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 128

## ദേശീയ സഹകരണനയം രൂപപ്പെടുത്തുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. എ. എം. ആരിഫ്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സഹകരണ രംഗത്തെ കേരളത്തിന്റേതായ ബഹുമുഖപ്രവർത്തനങ്ങളും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടുള്ള ഒരു ദേശീയ സഹകരണ നയം രൂപപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകുമോ; | (എ) കേന്ദ്ര സർക്കാർ കാലാനുസൃതമായി പുതിയ ദേശീയ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാറിന്റെ അഭിപ്രായം ആരായുമ്പോൾ സഹകരണ രംഗത്തെ കേരളത്തിന്റേതായ സവിശേഷതകൾ കൂടി കണക്കിലെടുത്ത് കൊണ്ടുള്ള ദേശീയ സഹകരണ നയം രൂപീകരിക്കുന്നതിനുള്ള അഭിപ്രായം അറിയിക്കുന്നതാണ്. |
| (ബി) സഹകരണ മേഖല ഏറെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളെ മുന്നിൽക്കണ്ട് സ്വീകരിക്കപ്പെടുന്ന കേന്ദ്രനയ സമീപനം കേരളത്തിനു ദോഷമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) റിസർവ് ബാങ്കും നബാർഡും സംസ്ഥാനത്തു സ്വീകരിച്ചുവരുന്ന ഏതെല്ലാം നിലപാടുകളാണ് സഹകരണ മേഖലയ്ക്ക് സഹായകരമല്ലാതായിട്ടുള്ളതെന്നു പരിശോധിച്ച് അവ തിരുത്തിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പയ്ക്ക് നബാർഡിൽ നിന്നും പുനർവായ്പ 2009-10, 2010-11 വർഷങ്ങളിൽ ലഭിക്കാത്തത് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സഹായകരമല്ലാത്ത നബാർഡിന്റെ നയം മൂലമാണ്. കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1) ലെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന കാരണത്താലാണ് |

ടി വർഷങ്ങളിൽ നബാർഡ് പുനർവായ്പ നൽകാതിരുന്നത്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളായ സർവീസ് ബാങ്കുകളെയും ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകളെയും ബാങ്ക് എന്ന നിർവചനത്തിൽപ്പെടുത്താനാവില്ലെന്നും തൻമൂലം അവർ സ്വീകരിക്കുന്ന 50,000/- രൂപയ്ക്ക് മുകളിലുള്ള ചെക്കുകളും ഡ്രാഫ്റ്റുകളും ക്ലിയറിംഗ ഹൗസ് മുഖേന മാറ്റി നൽകുവാൻ പാടില്ലെന്നുള്ള റിസർവ് ബാങ്ക് നിർദ്ദേശം സഹകരണ മേഖലയ്ക്ക് സഹായകരമല്ല. സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത ടി നിലപാടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ